THURSDAY 14-10-2021 വ്യാഴാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ




## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

**GOVERNMENT OF KERALA**



**Chief Editor : George Sebastian** **Editor : Dr Asha T T**

**Farm Information Bureau, Kowdiar, Thiruvananhapuram -695003**

**Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186, 2317314**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS) -14/10/2021

1. കാർഷിക രംഗത്തെ സമഗ്ര പുരോഗതിക്കായി നൂതന ജലസേചന രീതികൾ പ്രോത്സാഹിപ്പിക്കുക, ജല ഉപയോഗക്ഷമത വർധിപ്പിക്കുക, ഉയർന്ന ഉത്‌പാദനം ഉറപ്പുവരുത്തുക എന്നീ ലക്ഷ്യങ്ങളോടെ കൂടി കൃഷിവകുപ്പ് നടപ്പാക്കുന്ന പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന പദ്ധതിയിൻ പ്രകാരം ഡ്രിപ്പ്, സ്പ്രിങ്കളർ ഉടങ്ങിയ സൂക്ഷ്മ ജലസേചന സൗകര്യങ്ങൾ സ്ഥാപിക്കുന്നതിന് കണ്ണൂർ ജില്ലയിൽ കൃഷി അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എൻജിനീയർ അപേക്ഷകൾ ക്ഷണിച്ചു. ചെറുകിട നാമമാത്ര കർഷകർക്ക് പദ്ധതിച്ചെലവിന്റെ അനുവദനീയമായ തുകയുടെ 80 ശതമാനവും മറ്റു കർഷകർക്ക് പദ്ധതിച്ചെലവിന്റെ 70 ശതമാനവും നിബന്ധനകളോടെ ധനസഹായമായി ലഭിക്കും. നിശ്ചിത മാതൃകയിലുള്ള അപേക്ഷയുടെ പകർപ്പ് ജില്ലയിലെ കൃഷിഭവനുകളിലും കൃഷി അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എൻജിനീയറുടെ കാര്യാലയത്തിലും ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് ജില്ലയിലെ കൃഷി അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എൻജിനീയറുടെ കാര്യാലയവുമായോ അടുത്തുള്ള കൃഷിഭവനുമായോ ഇനി പറയുന്ന ഫോൺ നമ്പരുകളിലോ ബന്ധപ്പെടാവുന്നതാണ്. ഫോൺ നമ്പർ 9 3 8 3 4 7 7 2 0 5 0 / 9 3 8 3 4 7 2 0 5 1/ 9 3 8 3 4 7 2 0 5 2.

2. കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ 2021-22 ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി കർഷകരുടെ ഉൽപ്പന്നങ്ങൾക്ക് വിപണി ലഭ്യമാക്കുന്നതിനും വിളകൾക്ക് മുന്തിയ വില ഉറപ്പാക്കുന്നതിനും, കാർഷിക ഉൽപ്പന്നങ്ങളുടെ സംഭരണം, ശേഖരണം, സംസ്ക്കരണം, വിപണനം എന്നീ സംവിധാനങ്ങൾ ശാക്തീകരിക്കുന്നതി\pമായി നടപ്പിലാക്കുന്ന **കണ്ടെയ്നർ മോഡ് പ്രോക്യൂർമെന്റ് പ്രോസസിംഗ് സെന്റർ (CMPC) പദ്ധതി** പ്രകാരം ധനസഹായം നൽകുന്നു. പ്രൈമറി അഗ്രി ക്രെഡിറ്റ് സൊസൈറ്റികൾക്ക് പരമാവധി 4 ലക്ഷം രൂപയും അൻപതിനായിരം രൂപ

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

റിവോൾവിങ്ങ് ഫണ്ടും ഉൾപ്പെടെ 50% ആണ് ധനസഹായം ലഭിയ്ക്കുന്നത്. ഹോർട്ടികോർപ്പ്, സ്റ്റാർട്ടപ്പുകൾ, കുടുംബശ്രീ യൂണിറ്റുകൾ, സ്വയം സഹായ സംഘങ്ങൾ, ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷനുകൾ, പഞ്ചായത്തുകൾ, മറ്റ് ഗവൺമെന്റ് ഏജൻസികൾ എന്നിവർക്കും ഗുണഭോക്താക്കളാകാം. ഇവർക്ക് പരമാവധി 8 ലക്ഷം രൂപയും ഒരുലക്ഷം രൂപ രൂപ റിവോൾവിങ്ങ് ഫണ്ടും ഉൾപ്പെടെ 100% വരെ ധനസഹായം ലഭിയ്ക്കും. കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള കൃഷി ഓഫീസുമായി ബന്ധപ്പെടുക.

3. ദേശീയ ജന്തുരോഗ നിയന്ത്രണ പദ്ധതിയുടെ ഭാഗമായി സംസ്ഥാനമൊട്ടാകെ നാലു മാസത്തിനു മുകളിൽ പ്രായമുള്ള പശുക്കൾക്കും എരുമകൾക്കും മൃഗസംരക്ഷണവകുപ്പ് സൗജന്യ കുളമ്പുരോഗ പ്രതിരോധ കുത്തിവയ്പ്പ് നൽകുന്നു. നവംബർ 3 വരെ നീണ്ടുനിൽക്കുന്ന ഈ കുളമ്പുരോഗ നിവാരണ യജ്ഞകാലയളവിൽ മൃഗസംരക്ഷണവകുപ്പിൽ നിന്നും ഉദ്യോഗസ്ഥർ കർഷകരുടെ വീടുകളിൽ എത്തി ഉരുക്കൾക്ക് പ്രതിരോധ വാക്സിൻ നൽകുന്നതാണ്. എല്ലാ കർഷകരും തങ്ങളുടെ പശുക്കളേയും എരുമകളേയും ഈ കാലയളവിൽ കുളമ്പുരോഗത്തിനെതിരായുള്ള സൌജന്യ പ്രതിരോധകുത്തിവയ്പ്പിനു വിധേയമാക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള മൃഗാശുപത്രിയുമായി ബന്ധപ്പെടുക.

4. വെറ്ററിനറി സർവകലാശാലയുടെ തുമ്പൂർമൂഴി ഫുഡ് ടെക്നോളജി കോളേജ് മണ്ണുത്തി വികെഐഡിഎഫ്റ്റി കോളേജിൽ ലയിപ്പിച്ചുകൊണ്ടുള്ള ഉത്തരവിൽ വികെഐഡിഎഫ്റ്റി കോളേജിനു കീഴിൽ ബി.ടെക്( D.Sc & Tech) കോഴ്സും നടത്തുന്നതാണ്. എന്നാൽ ഇതിനു വിരുദ്ധമായി ബി.ടെക് (ഫുഡ് ടെക്നോളജി) കോഴ്സ് സർവകലാശാല നിർത്തലാക്കിയെന്ന തരത്തിൽ തെറ്റായ വാർത്തകൾ മാധ്യമങ്ങളിലൂടെ പ്രചരിക്കപ്പെടുന്നുണ്ട്. വിദ്യാർത്ഥികളും രക്ഷിതാക്കളും ഇത്തരം പ്രചരണങ്ങളിൽ വിശ്വസിക്കരുതെന്ന് സർവകലാശാല രജിസ്ട്രാർ അറിയിക്കുന്നു. സാധാരണ രീതിയിലെന്നപോലെ

ബി.ടെക് (ഫുഡ് ടെക്നോളജി) കോഴ്സിലേക്ക് സംസ്ഥാന എൻട്രൻസ് പരീക്ഷാ കൺട്രോളറിൽ നിന്ന് ലഭിക്കുന്ന ലിസ്റ്റ് പ്രകാരം പ്രവേശനം ഉണ്ടായിരിക്കുന്നതാണെന്നും അറിയിക്കുന്നു.

**പരിശീലന പരിപാടികൾ**

5. തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ "**തെങ്ങു ചങ്ങാതിക്കൂട്ടം**" എന്ന വിഷയത്തിൽ പട്ടികജാതി പട്ടികവർഗ്ഗ കർഷകർക്കായി പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. ആദ്യത്തെ ബാച്ചിൽ 20 പേർക്കാണ് പ്രവേശനം. താൽപര്യമുള്ളവർ കൃഷി വിജ്ഞാന കേന്ദ്രവുമായി **9400483754** എന്ന ഫോൺ നമ്പരിൽ പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10 മണി മുതൽ 5 മണി വരെ ബന്ധപ്പെടുക.

6. ഭിന്നശേഷിക്കാർക്കുള്ള 6 മാസത്തെ **ഹോർട്ടികൾച്ചർതെറാപ്പി** പരിശീലനപരിപാടിക്ക് അപേക്ഷകൾ ക്ഷണിച്ചുകൊള്ളുന്നു. പന്ത്രണ്ടാംക്ലാസ്സ് പൂർത്തീകരിച്ച 18 വയസ്സിനു മുകളിലുള്ളവരിൽ നിന്നുമാണ് അപേക്ഷകൾ ക്ഷണിക്കുന്നത്. ഭിന്നശേഷി തെളിയിക്കുന്ന മെഡിക്കൽ ബോർഡിൻെറ സർട്ടിഫിക്കറ്റ് ഉൾപ്പടെ അപേക്ഷിക്കേണ്ടതാണ്. ഡിപ്പാർട്ടുമെൻറ് ഓഫ് കമ്മ്യൂണിറ്റി സയൻസ്, കാർഷികകോളേജ്, വെള്ളായണി – 695522 എന്ന വിലാസത്തിൽ അപേക്ഷയും ബയോഡാറ്റയും ഈ മാസം 25-ന് (25/10/2021ന്) 9.30 മണിക്കു മുമ്പായി സമർപ്പിക്കേണ്ടതാണ്. അപേക്ഷാ ഫോമിനായി http://coavellayani.kau.in/ml/event/16396 എന്ന കോളേജ് വെബ്സൈറ്റ് സന്ദർശിക്കുക.

7. ആലുവ മൃഗസംരക്ഷണ പരിശീലന കേന്ദ്രം മുഖേന ഈ മാസം **16-ന് താറാവു വളർത്തൽ** എന്ന വിഷയത്തിൽ **ഇൻക്യാമ്പസ് ട്രെയിനിംഗും** ഈ മാസം **18-ന് നായ്ക്കളുടെ ആരോഗ്യപരിപാലനം** എന്ന വിഷയത്തിൽ **ഓൺലൈൻ** പരിശീലനവും നടത്തുന്നു. താല്പര്യമുള്ള കർഷകർ **0484-2631355** എന്ന ഫോൺ നമ്പറിൽ വിളിച്ചോ **9188522708** എന്ന ഫോൺ നമ്പരിൽ പേരും പരിശീലന വിഷയവും വാട്സ് ആപ് സന്ദേശമയച്ചോ രജിസ്റ്റർ ചെയ്യേണ്ടതാണ്.